**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5684** **08-07-2024 - ൽ മറുപടിയ്ക്ക്**

**മൃതസഞ്ജീവനി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മൃതസഞ്ജീവനി പദ്ധതി ആരംഭിച്ചത് മുതൽ നാളിതുവരെ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആകെ രോഗികളുടെ എണ്ണം ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതി വഴി എത്ര പേർക്ക് പ്രയോജനം ലഭ്യമായി; വിശദമാക്കുമോ; | (എ) | **മൃതസഞ്ജീവനി പദ്ധതി ആരംഭിച്ച 2012 മുതൽ 20.02.2024 വരെ 7830 രോഗികൾ മൃതസഞ്ജീവനി പദ്ധതിയിൽ വിവിധ അവയവങ്ങൾക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 1083 അവയവങ്ങൾ ഈ പദ്ധതി വഴി വിവിധ രോഗികൾക്ക് നൽകിയിട്ടുണ്ട്.** |
| (ബി) | അവയവങ്ങൾക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള രോഗി അവയവം സ്വീകരിക്കുന്നതിനു മുൻപ്പ മരണപ്പെടുകയാണെങ്കിൽ രജിസ്ട്രേഷൻ ഫീസായി ഈടാക്കിയിട്ടുള്ള തുക രോഗിയുടെ ബന്ധുക്കൾക്ക് തിരികെ നൽകാറുണ്ടോ; വ്യക്തമാക്കുമോ? | (ബി) | **18.03.2013 ലെ സ.ഉ (സാധാ) നം. 913/2013/ ആ.ക.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൃതസഞ്ജീവനിയിൽ അവയവങ്ങൾക്കായി രജിസ്റ്റർ ചെയ്യുന്നതിന് ഫീസ് ഫീസ് ഈടാക്കിയിരുന്നു. രജിസ്ട്രേഷൻ ഫീസായി ഈടാക്കിയിട്ടുള്ള തുക രോഗിയുടെ ബന്ധുക്കൾക്ക് തിരികെ നൽകുന്ന രീതി നിലവിലില്ല. എന്നാൽ 31.05.2023 ലെ സ.ഉ (സാധാ) നം. 1313/2023/ആ.ക.വ പ്രകാരം മൃതസഞ്ജീവനിയിൽ രജിസ്റ്റർ ചെയ്യുന്ന രോഗികളിൽ നിന്നും ഫീസ് ഈടാക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ